SUPPLEMENTARY GRANTS.

1. Rs. 900 under "2. Agriculture—9 Rural Reconstruction"

Mr. K. Krishna Warriar *(Director of Agriculture).*—Sir, I rise to move for an additional allotment of Rs. 900 under "2. Agriculture-9-Rural Reconstruction." The necessity for the additional allotment has been explained in the note for the Standing Finance Committee. I request the House may be pleased to grant this allotment.

Demand put and carried

2. Rs. 2758-14-0 under "11. Forests—A—Conservancy and Works—6—c—Other works".

Mr. T. Narayana Menon *(Conservator of Forests).*—Sir, I rise to move for an additional allotment of Rs. 2,758—14—0 under "11-Forests—A—Conservancy and Works—6—c—Other works." The reasons for this grant have been explained in the note for the Standing Finance Committee. I request the House may be pleased to grant this allotment.

Demand put and carried.

3. Rs. 36-11-0 under "36—Income-tax—contingencies—office expenses."

Mr. K. P. Kannan Nayar *(Secretary to Government).*—I rise to move for an additional allotment of Rs. 36—11—0 under "36—Income-tax—contingencies—office expenses.

Demand put and carried.

The Cochin Debt Conciliation Act Amendment Bill.

Mr. Thomas Manjuran *(Government Advocate and Law Officer).*—Sir, I rise to move that the Cochin Debt Conciliation Act Amendment Bill, the second reading of which was passed yesterday, may be taken up and finally passed today.

Mr. K. M. Ibrahim *(Cranganur).*—With the kind leave of the Hon'ble President I may be permitted to raise a point of order. According to me, Sir, a serious irregularity in the suspension of the Standing Order has happened regarding this Bill. It has been ruled by your Hon'ble Self that when there is a marked difference of opinion in regard to a particular piece

LIBRARY ARCHIVES Kerala Legislative Assembly

of legislation the suspension of the Standing Order will not generally be allowed. Yesterday we had the spectacle of 13 non-official Members who formed the majority of the non-officials then, opposed in a block this Bill. We then put forth the plea that the Standing Order should not be suspended in view of the previous ruling of the President. I request that the suspension of the Standing Order may be revoked.

Mr. President.—I am afraid it cannot form the subject matter of a point of order. A point of order cannot be on a ruling given by the Chair. The Chair ought to have certainly taken into consideration this point which the Hon'ble Member has referred to. This is a vital point and so far as I am concerned I am glad the Hon'ble Member has brought to notice my decision on this point.

Mr. K. M. Ibrahim (*Cranganur*).—A ruling has the force of a standing order.

Mr. President.—But that does not form subject matter of a point of order.

Mr. P. Kumaran Ezhuthassan (*Wadakkancheri*).—Sir, in view of the position explained by the Hon'ble President I move that this item of business may be passed over.

Mr. K. M. Ibrahim (*Cranganur*).—I second it.

Mr. K. S. Manickam (*Irinjalakkuda*).—I oppose it.

Mr. President.—I am afraid I cannot accept that motion. After suspension of the Standing Order we have actually come to the last stage of the Bill. This is a dilatory motion. I therefore rule it out of order.

Mr. A. V. Moothedan (*Chalakkudi*).—Then I move an amendment. I request the Diwan for a special sanction in that behalf. I make this because this Bill was published in the Gazette only two weeks ago. The public had no time to study this Bill. Therefore I think that there is no hurry about this Bill. The effect of my amendment is that whenever a receiver is appointed the debtor himself should be appointed as the receiver. To that position the Hon'ble Member Mr. Sivarama Menon and the Member for Adoor all agree. So I request that this amendment may be considered by the House.

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—Such far-reaching amendments are not permissible at the last stage of the Bill.

Mr. A. Sankara Menon (*Trippunithura*).—Sir, I wish to say a few words on this Bill. I notice that there is a good deal of mis-understanding with regard to the scope of this Bill, in spite of the explanations given by the Hon'ble Member for Ernakulam and the Government Advocate. The scope of this Bill has not been properly understood by some Hon'ble Members. It is very limited. I do not think there is necessity for such violent opposition to this Bill being passed into law. It is only in a few cases that this amendment will affect. It is only to certain cases of pending executions and pending suits that this amendment can apply. It is only with regard to the particular property which has been already attached or involved in the suits that this amendment applies. It will not apply to all the properties of the debtor who has gone to the Debt Conciliation Board. It may be noted by Hon'ble Members that this applies only to the particular creditor who has already gone to the Court and who has obtained a decree or who has taken out an attachment. A creditor who brought a suit against immovable properties or attached immovable properties in execution of his decree had certain definite rights under the Civil Procedure Code. Those rights have been taken away by the provisions contained in section 25 of the Debt Conciliation Act. In one particular respect, this Bill seeks to retain the creditor's remedy. I was unable to understand this vehemence with which the Bill was attacked by the Hon'ble Member for South Ezhuvas. I honestly believe that the Hon'ble Member for South Ezhuvas did not notice that the Bill gives this power of appointing receivers only to creditors who have already sought the assistance of the court and limited to property over which it has already acquired seisin. It is only with regard to such creditors and such property that this Bill is intended to deal.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡൻറവർകൾ സൌത്തു് ഈഴവമെമ്പർ മാത്രം ഈ ബില്ലിനെ എതിത്തതുപോലെയാണു് ഇവിടെ സംസാരിച്ചുകേട്ടതു്. പക്ഷെ സൌത്തു് ഈഴവമെമ്പർ ഭാഗ്യവശാലോ നിർഭാഗ്യവശാലോ എന്തുകായ്യം പറഞ്ഞാലും കുറെ ഒച്ച അധികമാകുമെന്നുള്ളതുകൊണ്ടു് ആ മെമ്പർമാത്രമാണു് ഇതിനെ എതിത്തതെന്നു അദ്ദേഹം വിചാരിച്ചുപോയതായിരിക്കാം. ഈ ബില്ലിനെ ഞാൻ മാത്രമല്ലാ, ഇതിൻെറ സ്പ്പ് വശങ്ങളും നല്ലപോലെ മനസ്സിലാക്കീട്ടുള്ള മാന്യരായ പല മെമ്പർമാരും

LIBRARY ARCHIVES Kerala Legislative Assembly

എതിർത്തു സംസാരിക്കുകയുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡൻറവർകൾ പറഞ്ഞതുപോലെ ഒരൊറ കേസായിരുന്നാൽത്തന്നെയും ഈ ബിൽ അനുവദിക്കുവാൻ പാടില്ലാത്തതാണെന്നായിരുന്ന ഇന്നലത്തെ എൻെറ ഇവിടത്തെ വാദം മുഴുവനും.

ആദ്യത്തെ നിയമനിർമാണംകൊണ്ടു ഏതാനും കക്ഷികൾക്കു രക്ഷയുണ്ടായിട്ടുണ്ടെങ്കിൽ അതിനെത്തുടർന്നു രക്ഷചെയ്തുകൊണ്ടു പോകുവാനാണു നോക്കേണ്ടതു്. ഒരു അനീതി ആറു് ആളുകൾ ഏൽക്കുന്നതും ഒരാൾ ഏൽക്കുന്നതും ഫലം ഒന്നുപോലെതന്നെയാണു്. ഡെപ്യൂട്ടി പ്രസിഡൻറവർകൾ പറയുന്നതു് കുറച്ചു പേക്കല്ലേ ഇതുകൊണ്ടു സങ്കടം വരുകയുള്ളൂ, അതുകൊണ്ടു് ഇതു സമ്മതിച്ചുകൊടുത്തുക്കുടെ എന്നാണു്. അദ്ദേഹം സംഗതികൾ മുഴുവൻ ശരിയായി മനസ്സിലാക്കി ഇങ്ങിനെ പറഞ്ഞതാണെന്നു് എനിക്കു തോന്നുന്നില്ല. ഡെപ്യൂട്ടി പ്രസിഡൻറവർകൾ പറഞ്ഞ വാദം മുഴുവൻ എല്ലാപേരേയും ബാധിക്കുന്നതല്ല. അധികം പേർക്കും ബാധകമല്ലാത്ത ഈ ബില്ലിൻെറ കാര്യത്തിൽ ഇത്ര ഉച്ചത്തിൽ പറയേണ്ട ആവശ്യമൊന്നുമില്ലെന്നാണു് അദ്ദേഹം പറയുന്നതു്. ആ കപ്പാടെ ഈ ഡെറ്റു കൺസിലിയേഷൻ ബോർഡ് കൊണ്ടുള്ള ഗുണം കുറച്ചുപേർക്കു ഉള്ളൂ, അധികം പേർക്കില്ല, അത്രമാത്രമെ നമ്മുടെ ഗവർമ്മെൻറിനു ചെയ്യുവാൻ സാധിച്ചിട്ടുള്ളൂ. രണ്ടിൽ ഒന്നൊട്ടത്താൽ 50 ശതമാനമായി. ഈ ശതമാന സിസ്റ്റം ഡെപ്യൂട്ടിപ്രസിഡൻറവർകൾ മനസ്സിലാക്കീട്ടില്ലെന്നു തോന്നുന്നു. കേസുകൾ എത്ര സ്വല്പമായാലും ഈ അപേകടം ഒരിക്കലും അവരെ ബാധിക്കുവാൻ പാടില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

Mr. A. V. Moothedan *(Chalakkudi)*.—I oppose this motion. The House has fully considered all the aspects of the matter. We have thoroughly understood the whole question. We have gone through the Civil Procedure Code and we know the implications of this Bill. Why I insist upon opposing this Bill is that the possession of the debtor should not be handed over to the creditor. If the creditor is given possession there will not be an inducement for him to come to a settlement. One debtor may be willing to deposit in court the mesne profits from the property but still he will not like giving possession of the property. Possession is a valuable right. That is why I said that the debtor himself may be appointed as the receiver. When a creditor refuses to accept a reasonable offer he will be given a certificate from the Board. When such a creditor goes to the court with this certificate and applies for the appointment of a receiver, the court will not grant his request. Therefore it is very hard, before a settlement is made, to appoint a receiver. There will be more inducement on the point of the creditor for coming to an amicable settlement

LIBRARY ARCHIVES Kerala Legislative Assembly

if this Bill is rejected. I request the House to consider again the question because it affects a large majority of agricultural debtors.

* **Mr. P. Kumaran Ezhuthassan** *(Wadakkancheri).*— Mr. President, Sir, I feel it my duty to oppose this amending Bill at this very last stage. We opposed this at the stage of introduction, we opposed it at the consideration stage and we do oppose it at the stage of the third reading which is the last opportunity given to us. As was pointed out by the Hon'ble Member for Cranganur in the matter of this Bill there was a definite cleavage of opinion on the non-official side, the opinion to oppose this Bill being the majority opinion. An attempt was made to see that this Bill is considered in a perhaps better atmosphere and two attempts were made viz., one to question the propriety of the suspension of the Standing Order and another attempt was made by me to have it passed over. The first attempt failed. The second was ruled out by the President on the ground that it was dilatory tactics.

Now it has been stated in this House yesterday and this morning also that this amendment if it is passed is not going to prejudicially affect many debtors. It is not going to affect the debtor in the way in which the Hon'ble the Deputy President says this House has mis-understood the proposition. It is told that the amending Bill will refer to the case of the litigants who have gone to the court before the application by the debtor before the Debt Conciliation Board and only to the property concerned in the particular suit and therefore he asked us with proper emphasis why this cry against this amendment. My humble answer to the question is that it is not the extent of the mischief that we attack. It is the attitude of the Cochin Government, that special attitude of the Government of Cochin, in showing extra sympathy at least to one creditor in having the receiver appointed for even one single item of the property belonging to the debtor. It is that attitude that we oppose. It is for that reason at the various stages, inclusive of the last stage at which we are, we are opposing it. The attempt is to take away a portion of the taboo that has been placed upon the proceedings in civil courts by section 25 of the Cochin Debt Conciliation Act. It was read out in this House. The real import of that section and what was intended by that section was taboo wholesale on the proceedings in a court of law with regard to a debtor who has gone to the Debt Conciliation Board. The provision regarding

* Speech not corrected by Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

the appointment of receivers was unreservedly kept apart while incorporating section 25 in the Act. Then where is the necessity for such an amendment. But as I submitted yesterday, that amendment is necessitated I believe on account of the ruling of the Chief Court to which we adverted to yesterday. My respectful submission, Sir, is that instead of attempting to improve the Act by this amendment and thereby remove the taboo placed by section 25 of the Act, it ought to be made clear by saying that in any suit or other proceeding including the appointment of a receiver pending before an insolvency court every action should be suspended. My submission therefore, Sir, as stated by the Hon'ble Member for South Ezhuvas is not a question of the extent of the mischief. It is the very idea of the mischief and it is the very idea of the Government taking that attitude of patronage towards the creditor classes, though it be only one. We have got a right to attack against such actions. I have no doubt that you may succeed in getting this passed.

Before concluding I submit that much has been stated here yesterday that quite a lot has been done by the Government to ameliorate the condition of the agricultural classes. The Hon'ble the Law Member said that many ameliorative measures have been taken by the Government. I do concede that. I do concede that something has been done and that has been enumerated here even by me times out of number. References have been made to this by officials and non-officials and even by the Diwan President. We are thankful to them for that. But our cry is that they may be pleased to do more and not try to take away little by little what has been given. That is the attack, nothing else. You have seen, Sir, the first suit decreed in the light of the Agriculturists' Relief Act recently passed by the Madras Government and which came as law only a few days ago reported in the Madras Mail wherein for Rs. 9000 the court had to pass a decree only for Rs. 1400, and its proportionate costs. This is the sort of relief that the adjoining Madras Government has brought to the doors of the agriculturists and in comparison to that what is the position of the Cochin Government. Do you mean to say that you have approached anywhere near what has been done by the Madras Government? Yesterday the Law Member said that these provisos do not find a place in the Madras Act, and an attempt was made by him for justifying its incorporation. His attempt yesterday was that even though this Act was in force in this part only for a short period, yet that short period was explained

LIBRARY ARCHIVES Kerala Legislative Assembly

to be much longer. Our experience of the Debt Conciliation Act is only of some 10 months while the Madras Act was in vogue for several years. Lawyers in other provinces have not thought it necessary to amend the Act like this. Perhaps the attempt was to lead in the matter—in the matter of taking an extra attitude of patronage towards creditors. I submit, Sir, that by this Act the Government will be tarnishing its fair name. It is to keep up the fair name of Cochin that we attack this Bill. I therefore submit that the Hon'ble Members who under various delutions took up an attitude of neutrality and those who took up an attitude of hostility may be pleased to rally round and give their whole-hearted support and see that the Government stands single handed in their attempt to patronise the creditor to the detriment of the debtor.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. മാണിക്കം *(Irinjalakkuda)*.— ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ ഈ ബില്ലിനെ എതിർത്ത സംപ്രദായംകൊണ്ടാണ് ഞാൻ ഇന്നും രണ്ടുവാക്ക പറയണമെന്ന വിചാരിക്കുന്നത്. കടം കൊടുത്തവരെ സഹായിക്കുവാൻവേണ്ടി ഗവമ്മെൻറിൽ നിന്നും കൊണ്ടുവന്ന ഒരു ബില്ലാണിതെന്നാണ് അദ്ദേഹം പറയുകയുണ്ടായത്. കടം കൊടുത്തവരെ സഹായിക്കുവാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലല്ല ഇതെന്ന ഞാൻ തുറന്ന പറയാം. നിഷ്പക്ഷനിലയിൽ അദ്ദേഹം ഈ ബില്ലിനെ വായിച്ചുനോക്കിയാൽ, ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിലെ ചട്ടങ്ങളും ഡെറ്റു കൺസിലിയേഷൻ ആക്ടിലെ ചട്ടങ്ങളുംകൂടി ഒന്നിച്ചുവച്ചുകൊണ്ട ഒരു നിയമജ്ഞൻ വായിക്കുന്ന രീതിയിൽ വായിച്ചുനോക്കിയാൽ, കേവലം കടം കൊടുത്തവരെ മാത്രം സഹായിക്കുവാനുള്ള ഒരു ബില്ലല്ല ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന അദ്ദേഹത്തിന മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ ഒരു നിയമജ്ഞന്റെ നിലവിട്ട വേറെ ഒരു നിലയിൽ ആലോചിക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ വാദത്തോട്ട എനിക്കും യോജിക്കാതെ തരമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— എന്താണ് ആ നില?

മിസ്റ്റർ കെ. എസ്സ്. മാണിക്കം *(Irinjalakkuda)*.— പറയാം. ഒരു റിസീവരെ നിയമിക്കുവാനുള്ള ഒരു എനേബ്ളിംഗ് ലജിസ്ലേഷൻ കൊണ്ടുവന്നാൽ ഡെറ്റു കൺസിലിയേഷൻ ബോർഡിൽ അപേക്ഷ കൊടുക്കുന്നതോടുകൂടി അവരുടെ സ്വത്തുക്കൾക്കും വസ്തുക്കൾക്കും ഉടനടി കോടതിയിൽനിന്നും റിസീവരെ നിയമിച്ച് വസ്തുക്കളിൽനിന്ന ഒഴിപ്പിച്ചേക്കുമെന്നുള്ള ധാരണയോടുകൂടിയാണ് ഇതിനെ എതിർത്തു സംസാരിച്ച മെമ്പർമാരുടെ വാദപ്രതിവാദങ്ങളിൽനിന്നും അനുമാനിക്കേണ്ടിയിരിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡൻറവർകൾ ഇവിടെ പറഞ്ഞതുപോലെയുള്ള ഒരു നിലയാകുന്ന ഇതിനുള്ളത്.

കോടതിയിൽ കേസുകൊടുത്തു വിധിസമ്പാദിച്ചതിനുശേഷം കടക്കാരൻ ഡെറ്റു കൺസിലിയേഷൻ ബോർഡ് മുമ്പാകെ പെറ്റിഷൻ കൊണ്ടുപോകുന്ന അവസരത്തിൽ മാത്രമെ ഒരു റിസീവരെ നിയമിച്ചു കിട്ടണമെന്നുള്ള ഒരപേക്ഷ കോടതി മുമ്പാകെ വിധിഉടമസ്ഥനു കൊണ്ടുപോകുവാൻ സാധിക്കയുള്ളൂ. അങ്ങിനെ കോടതിയിൽ അപേക്ഷ കൊടുത്താൽ കോടതിയുടെ നടപടി അറിയാവുന്നവക്ക് ഒരു റിസീവരെ വച്ചുകിട്ടുവാൻ ചെയ്യേണ്ടിവരുന്ന പ്രയത്നം ഭഗീരഥപ്രയത്നമാണെന്നു മനസ്സിലാക്കാം. റിസീവരെ നിയമിച്ചുകിട്ടേണ്ടതു ഏതു വസ്തുക്കൾക്കാണൊ ആ വസ്തുക്കൾ കൈവശം വച്ചിരിക്കുന്നവൻ വസ്തു നാശമോശം വരുത്തുന്നുവെന്നു കോടതിയിൽ തെളിവു കൊടുക്കണം. അതുപോലെ വസ്തു അനുഭവിച്ചുവരുന്നവനും യാതൊരു നാശമോശവും വരുത്തുന്നില്ല, കാലാകാലങ്ങളിൽ നനയും സംരക്ഷണയും നടത്തിക്കൊണ്ടാണിരിക്കുന്നതു്, എതിർകക്ഷിയുടെ അപേക്ഷ അനുവദിക്കുവാൻ പാടില്ല എന്നു ഒരു എതിർ സത്യവാങ്മൂലം കൊടുക്കും. ഇതു രണ്ടുംനോക്കി കോടതിക്കു യുക്തിയെന്നു ന്യായമെന്നും തോന്നുന്നതനുസരിച്ചു മാത്രമേ റിസീവരെ നിയമിക്കയുള്ളൂ. ഇത്രത്തോളം ക്ലേശങ്ങൾ സഹിച്ചു കോടതിയിൽനിന്നും റിസീവരെ വച്ചുകൊടുക്കുന്നുവെങ്കിൽ അതു തക്കതായ കാരണത്തിന്മേലായിരിക്കും. കേവലം ഇപ്രകാരമൊരു നിയമം നമ്മുടെ നിയമപുസ്തകത്തിൽ വന്നാൽ അതിനെ അടിസ്ഥാനപ്പെടുത്തി കോടതിയിൽനിന്നും റസീവരെ നിയമിക്കുകയില്ല. നാശമോശങ്ങൾ വരുത്തുന്നുവെന്നു കടം കൊടുത്തവൻ തെളിയിച്ചാൽമാത്രമേ വസ്തുക്കൾക്കുവേണ്ടി റിസീവരെ നിയമിക്കുകയുള്ളൂ.

ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ പറഞ്ഞു, വസ്തുക്കളുടെ ആദായം കൊടുക്കുവാൻ തയ്യാറാണെന്നുള്ള തരത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നാൽ മതിയായിരുന്നുവെന്നു്. വസ്തുക്കളുടെ ആദായം കോടതിയിലോ ജുണരജ്ഞനബോർഡിലോ കെട്ടിവെക്കുവാൻ സമ്മതിക്കുന്നുവെങ്കിൽ പിന്നെ ആ കടക്കാരന്റെ വസ്തുക്കൾക്കു ഒരിക്കലും കോടതിയിൽനിന്നു റിസീവരെ വച്ചുകിട്ടുന്നതല്ല. ഇപ്രകാരം കോടതി കല്പിക്കുന്നതു കോടതി നടപടിയെ ആസ്പദമാക്കിയും, നിയമസിദ്ധാന്തങ്ങളെ നോക്കിയും, ബഹുമാനപ്പെട്ട ചീഫ് കോടതിയിലെ ഡിസിഷൻ അനുസരിച്ചും ആകുന്നു. പഞ്ചായത്തു കോടതികളിലും മറ്റും അങ്ങിനെയില്ല . . . .

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— പഞ്ചായത്തുകോടതിയെ ആക്ഷേപിച്ചാണോ പറയുന്നതു്?

മിസ്റ്റർ കെ. എസ്സ്. മാണിക്കം (*Irinjalakkuda*).— പഞ്ചായത്തു കോടതിക്കു സിവിൽകോർട്ട നിയമം ബാധകമല്ല. പഞ്ചായത്തു കോടതിയിലും നിയമങ്ങളുണ്ടെങ്കിലും പഞ്ചായത്തുകോടതി പഞ്ചായത്തു കോടതി തന്നെ.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട തെക്കെ ഈഴവ നിയോജകമണ്ഡലം മെമ്പർ മിസ്റ്റർ അയ്യപ്പൻ ഇന്നലെ പറയുകയുണ്ടായി, ഏകദേശം കടക്കാരുടെ ഇന്നത്തെ സ്ഥിതി ഒരു നീക്കോലിയുടെ വായിൽപ്പെട്ട തവളകളെപ്പോലെയാണെന്ന്. ഡെറ്റ് കൺസിലിയേഷൻ ബോർഡു വന്നതോടുകൂടി നീക്കോലിയുടെ പല്ല് മുഴുവൻ പോയിട്ടുണ്ട്. അങ്ങിനെ പല്ല് മുഴുവൻ പോയ നീക്കോലിയുടെ വായിൽ കിടക്കുന്ന തവളക്കു വാസ്തവത്തിൽ വളരെ സുഖമാണ്. വർഷക്കാലത്തു മഴ ചറചറെ പെയ്യുമ്പോൾ-ആണു സഹിക്കവയ്യാത്ത നിലയിൽ പൊട്ടക്കുളത്തിൽക്കിടന്ന തവളകൾ നിലവിളിക്കുന്നതു്. തവളയുടെ നിലവിളി കേൾക്കുമ്പോൾ തോന്നും "ആരോ അയൽപക്കത്തു മരിച്ചുപോയിട്ടുണ്ടോ" എന്നു്. പുറത്തിറങ്ങിനോക്കുമ്പോൾ യാതൊന്നും കാണുകയുമില്ല. അങ്ങിനെയുള്ള തവളരോദനംപോലെയായിട്ടുണ്ടു് ഈ കൌൺസിലിലും. ആ ഒരു താരതമ്യം വെച്ചുകൊണ്ടാണു് ഇന്നലെ ഈഴവ നിയോജകമണ്ഡലം മെമ്പർ പറഞ്ഞിട്ടുള്ളതെങ്കിൽ ഞാനും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിക്കാം.

ഈ ബിൽ കടം കൊടുത്തവരെ സഹായിക്കുവാൻമാത്രം ഗവൺമെണ്ടു കൊണ്ടുവന്നിട്ടുള്ളതാണെന്നുള്ള വാദത്തെ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു. കടം കൊടുത്തവനേയും കടം വാങ്ങിയവനേയും ഒന്നുപോലെ സഹായിക്കേണ്ടുമതല നമ്മുടെ മാന്യമായ ഗവൺമെണ്ടിനുണ്ടു്. ആ ചുമതല നിർവ്വഹിക്കുവാനാണു് ഈ ബിൽ അവർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഈ ബിൽ ഉപയോഗപ്രദമാകുമ്പോഴും ഇതനുസരിച്ചു പ്രവൃത്തി തുടങ്ങുമ്പോഴും ഇതുകൊണ്ടു വളരെ ഗുണങ്ങളുണ്ടുള്ളതെന്നു് ഇതിനെ എതിർത്ത ബഹുമാനപ്പെട്ട മെമ്പർമാർക്കു മനസ്സിലാകും. ഇതുകൊണ്ടു ഗുണമുണ്ടെന്നു അവർതന്നെ അപ്പോൾ പറയും. ശരിയായ നിലയിൽ ഈ ബില്ലിന്റെ വക്കിങ്ങിനെപ്പറ്റി അവർ അറിയുമ്പോൾ ഇതു വേണ്ടതാണെന്നു സമ്മതിക്കാതിരിക്കയില്ല. ഈ ബില്ലിനെപ്പറ്റിയുള്ള തെറ്റിദ്ധാരണകൊണ്ടാണു് അവർക്കു് ഇതിന്റെ പ്രായോഗികതയെ വിമർശിക്കുവാൻ സാധിക്കാതിരുന്നിട്ടുള്ളതു്.

ഈ ബിൽ വളരെ അത്യാവശ്യമായിട്ടുള്ളതും ഋണരഞ്ജന ബോർഡു മുമ്പാകെ ഹർജി ബോധിപ്പിക്കുന്നവർക്കും ഗുണകരമായിട്ടുള്ളതുമായ ഒന്നാണു്. ഇതു ഡെറ്റ് കൺസിലിയേഷൻ ബോർഡിന്റെ വക്കിങ്ങിനു് അനുകൂലമായ ഒരു ബില്ലാണു്. അതുകൊണ്ടു ഇതു വളരെ അത്യാവശ്യമാണെന്നുള്ള അഭിപ്രായത്തോടുകൂടിയും കടം കൊടുത്തവരെ സഹായിക്കുവാൻ മാത്രമല്ലെന്നു തെളിയിച്ചുകൊണ്ടും ഞാൻ ഈ ബില്ലിനെ സർവ്വശക്തികളോടുംകൂടി അനുകൂലിക്കുന്നു.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ബഹുമാനപ്പെട്ട ഇടപ്പുണിത്തുറ മെമ്പറുടെ ആവേശജനകമായ പ്രസംഗവും,

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുട മെമ്പറുടെ പ്രസരിപ്പോട്കൂടിയ പ്രസംഗവും കേട്ടു. ഈ നിയമസഭയെ ഒരു പൊട്ടക്കുളമാണെന്നു കണക്കാക്കി അതിൽ കിടക്കുന്ന തവളകളിൽ ഒരു തവളയാണദ്ദേഹമെന്ന് ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുട മെമ്പർ അഭിമാനിക്കുന്നുണ്ടെങ്കിലും ഞാൻ അതു സമ്മതിച്ചു കൊടുക്കുവാൻ തയ്യാറില്ല. ബഹുമാനപ്പെട്ട തെക്കെ ഈഴവ മെമ്പർ കടക്കാരെ നീക്കോലികളായിട്ടും ദുരബാധിതരായ കർഷകരെ തവളകളായിട്ടും കണക്കാക്കിക്കാണുന്നു. ഞാൻ പറയുന്നതു കടക്കാർ വെറും നീക്കോലികളല്ല, അവർ മൂർഖപ്പാമ്പാണെന്നാണ്. ക്രൂരസർപ്പങ്ങളാണ് ഉത്തമർണ്ണന്മാർ എന്നു പറയുന്നതിനു എനിക്കു യാതൊരു സങ്കോചവുമില്ല. തവളകളെക്കാണുമ്പോൾ ഭംശിക്കുവാനും വിഴുങ്ങുവാനും തയ്യാറുള്ള ക്രൂരസർപ്പങ്ങളായ കടക്കാരാണ് ദുരബാധിതരായ സാധു കർഷകരോടു പെരുമാറിവരുന്നതു, എന്നു ഡെറ്റു കൺസിലിയേഷൻ ബോർഡിലെ ഒരു മെമ്പറിൽനിന്നും എനിക്കറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

ഈ ഡെറ്റു കൺസിലിയേഷൻ അമെൻറുമെൻറു ബിൽ ആദ്യമായി ബഹുമാനപ്പെട്ട വൈറ്റില മെമ്പറാണ് അയച്ചതു. അതിനുശേഷം അതു ഗവമ്മെണ്ടു ബില്ലായിരൂപാന്തരപ്പെട്ടു. അതിനെ പിൻതാങ്ങി തൃപ്പൂണിത്തുറ മെമ്പർ ആവേശജനകമായ പ്രസംഗവും ചെയ്തു. ഈ ബിൽ ഏതുവിധത്തിലാണ് ഒരു ഗവമ്മെണ്ടു ബില്ലായി മാറിയതെന്നു അപ്പോഴാണു എനിക്കു സംശയമുണ്ടായതു.

സർ, നമ്മുടെ അയൽ രാജ്യങ്ങളിലെല്ലാം ദുരബാധിതരായ കർഷകന്മാരെ രക്ഷിക്കുന്നതിനു പര്യാപ്തമായ പല ബില്ലുകളും പാസാക്കീട്ടുണ്ട്. നമ്മുടെ നിയമസഭയിൽ ഭവനഗർ സ്കീം, കടം വെട്ടിച്ചുരുക്കുവാനുള്ള സ്കീം, കാർഷികാശ്വാസ ബിൽ, മോറട്ടോറിയം ഇങ്ങിനെയുള്ള പലതും ബഹുമാനപ്പെട്ട ക്രാങ്ങ് ഗന്നർ മെമ്പർ അവതരിപ്പിക്കുകയും ആവേശത്തോടും സങ്കടത്തോടുംകൂടിയുള്ള പല പ്രകടനങ്ങളും ഇവിടെ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും യാതൊരു പരിഹാരവും ഇവിടെ ഉണ്ടായിട്ടില്ലെന്നതാണു പറയാവുന്ന വിധത്തിൽ ഗവമ്മെണ്ടിൽനിന്നു ഒരു ഡെറ്റു കൺസിലിയേഷൻ ബിൽ മാത്രമാണ് അവതരിപ്പിക്കുകയുണ്ടായതു. അങ്ങിനെ പ്രജകളുടെ രക്ഷക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ആ ബിൽകൂടി ഉരുപയോഗപ്പെടുത്തണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടിയല്ലാതെ മറെറാരു ഉദ്ദേശത്തോടുംകൂടി ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതാണെന്നു എനിക്കു തോന്നുന്നില്ല. ഡെറ്റു കൺസീലിയേഷൻ ബോർഡിൽ അപേക്ഷ കൊടുത്താൽ റസീവറെ വക്കുവാനും കൂടി കഴിവുള്ള വിധത്തിൽ ഒരു ബിൽ പാസ്സാക്കുകയാണെങ്കിൽ ഡെറ്റു കൺസീലിയേഷൻ ബോർഡിൽ ആരും അപേക്ഷ കൊടുക്കരുതെന്നുള്ള വിചാരമല്ലേ അതിൽ അന്തർഭവിച്ചിരിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡെറ്റു കൺസീലിയേഷൻ ബോർഡിന്റെ ഇപ്പോഴത്തെ നിയമങ്ങൾകൊണ്ടു ജനങ്ങൾക്കു പറയത്തക്ക ഗുണങ്ങളൊന്നുമുണ്ടാകുന്നില്ലെന്നു കണ്ടിട്ടു അനുദ്യോഗസ്ഥ സാമാജികന്മാരിൽ ചിലർ ചില ഭേദഗതികൾ ഇവിടെ അവതരിപ്പിക്കുന്നുണ്ടു്. അതുകൾ അവശ്യം ആവശ്യമായ ഭേദഗതികളുമാണു്. അതിനിടയ്ക്കു ഋണബാധിതരായ കർഷകന്മാരെ ഉത്തമർണ്ണന്മാർക്കു പിടിച്ചു വിഴുങ്ങുവാനുള്ള ഏറ്റവും എളുപ്പമായ ഒരു കോണിയായി ഗവർമ്മെൻറു ഒരുവിധത്തിലും ഈ ബില്ലിനെ അനുഭാവപൂർവ്വം വീക്ഷിക്കരുതെന്നാണു ഞാൻ പറയുന്നതു്. ഏതെങ്കിലും വിധത്തിൽ ഋണബാധിതരായ കർഷകന്മാരെ രക്ഷിക്കുവാൻ ഗവർമ്മെണ്ടു വിചാരിക്കുന്നുണ്ടെങ്കിൽ, ഈ നിയമസഭ ഇതിനുമുമ്പു ഇവിടെ പാസാക്കി നടപ്പിൽ വരുത്തീട്ടുള്ള മാധ്യസ്ഥബിൽ പ്രായോഗികമാക്കണമെന്നുള്ള ഉദ്ദേശം ഗവർമ്മെണ്ടിനുണ്ടെങ്കിൽ, സാധു കർഷകന്മാരുടെ രക്തം ഊറ്റിക്കുടിക്കുവാൻ ഈ ക്രൂരസർപ്പങ്ങളായ ഉത്തമർണ്ണന്മാർക്കു സൌകര്യം വെച്ചുകൊടുക്കുന്ന ഈ ബില്ലിനെ ഗവർമ്മെണ്ടു ദയവായി പിൻവലിക്കണമെന്നാപേക്ഷിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).— സർ, ഇൻഡ്യയിലെ വണ്ടികളിൽവെച്ചു് ഏറ്റവും വേഗതയുള്ളതു പഞ്ചാബുമെയിൽ ആണു്. ആ പഞ്ചാബുമെയിലിനേക്കാൾ വളരെ വേഗതയുള്ളതാണു് ഈ ഡെറ്റു കൺസീലിയേഷൻ അമെൻറുമെൻറു ബിൽ എന്നു് ഞങ്ങൾക്കു് ഇപ്പോൾ മനസ്സിലായി. സാങ്കേതികമായനിലയിൽ സാധാരണ ഞങ്ങൾ കൊണ്ടുവരുന്ന ബില്ലുകളെ അടിക്കടി എതിർത്തു കൊണ്ടിരിക്കാറുള്ള ബഹുമാന്യപ്പെട്ട മെമ്പർ "Leave to introduce"നു് അപേക്ഷിക്കാതെ, രണ്ടാഴ്ചക്കുമുമ്പു് ബിൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്താതെ, ഇതു് ഒരു സിലക്ടു കമ്മിറ്റിക്കുപോലും അയക്കുവാനുള്ള ക്ഷമയില്ലാതെ, ഇതിന്റെ Interduction stage-ൽ തന്നെ പൊതുജനാഭിപ്രായത്തിനെതിരായ ഈ ബില്ലിൽ പ്രസിഡൻറിന്റെ Suspending the standing order-നു് അപേക്ഷിക്കരുതെന്നുള്ള ഞങ്ങളുടെ അപേക്ഷയെ കേൾക്കുവാൻ ഭാവമില്ലാതെ — നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട അദ്ധ്യക്ഷനും ഇതിനുസംരക്ഷണനൽകുന്നില്ല — യുള്ള ഒരു ചുറ്റുപാടിൽ ഏറ്റവും പ്രധാനപ്പെട്ട ഈ ബില്ലിനെ ഇത്ര ധൃതഗതിയിൽ ഓടിച്ചുകൊണ്ടു പോകുന്നതിൽ ഒരു ന്യായവുമില്ലെങ്കിലും ഇപ്രകാരമുള്ള ഗവർമ്മെണ്ടിന്റെ ഈ അസാധാരണവും സാധാരണ ഗവർമ്മെണ്ടുകളുടെ സ്വഭാവത്തിനു് വൈരുദ്ധ്യവുമായ നിലയിലുള്ള ഈ ധൃതിക്രൂട്ടലിലും വേഗതയിലും തിരക്കിലും നിന്നതന്നെ ഇതിൽ എന്തോ വിഷമകരമായ, രാജ്യത്തിനു പൊതുവെ ദ്രോഹം ചെയ്യുന്നതായ ഒരു സംഗതി ഉണ്ടെന്നു പൊതുജനങ്ങൾക്കു പ്രത്യക്ഷത്തിൽ മനസ്സിലാക്കുവാൻ യാതൊരു പ്ര

---

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യാസവുമില്ല. ഇതുപോലെ വേറെ എത്രയോ ബില്ലുകൾ ഗവമ്മെണ്ടു അവതരിപ്പിച്ചിട്ടുണ്ടു്. ഫാക്ടറി ബിൽ, ട്രെയിഡ് യൂണിയൻ ബിൽ ഇതെല്ലാം ഗവർമ്മെണ്ടു അവതരിപ്പിച്ചതാണു്. ഇങ്ങിനെയുള്ള പല ബില്ലുകളും ഈ നിയമസഭയുടെ ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടുണ്ടു്. ഗവർമ്മെണ്ടു ബില്ലായി ഇവിടെ അവതരിപ്പിച്ചു പാസാക്കിയതിനുശേഷം നടപ്പിൽ വരുത്താതെ പതുക്കെ ചവറുകൊട്ടയിൽ ഇട്ടിരുന്നതിനെ ഞങ്ങൾ സമ്മതിക്കാതെയിരുന്നിട്ടുകൂടിയും നടപ്പിൽ വരുത്തുവാൻ അമാന്തം കാണിക്കുന്ന ഗവർമ്മെൻറുതന്നെ അനുദ്യോഗസ്ഥ ഭൂരിപക്ഷത്തിന്റെ ഒന്നിച്ചുള്ള ആവശ്യത്തെ എതിർത്തുകൊണ്ടു ക്രമത്തിലധികം ഈ ബില്ലിന്റെ കാര്യത്തിൽ തിക്കും തിരക്കും കൂട്ടുന്ന ദയനീയമായ അവസ്ഥ കാണുമ്പോൾ, സർ, അനുദ്യോഗസ്ഥന്മാരായ ഞങ്ങൾക്കു നിങ്ങളോടു അനുകമ്പയാണുള്ളതെന്നു നിങ്ങൾ മനസ്സിലാക്കണം. പൊതുവിൽ എന്തെങ്കിലും ഒരു രക്ഷ ജനങ്ങൾക്കു ചെയ്യണമെന്നു പറയുമ്പോൾ ഏതവസരത്തിലും പരിസരങ്ങളുമായി താരതമ്യം ചെയ്യാറുള്ള ഗവർമ്മെൻറു ഡെറ്റു കൺസീലിയേഷൻ ബോർഡു പ്രവർത്തനത്തിലിരിക്കുന്ന ഭൂലോകത്തിലെ ഒരു രാജ്യങ്ങളിലും ചെയ്തിട്ടില്ലാത്ത, ഒരു അപൂർവ്വ വസ്തുവാണെന്നു തോന്നുന്നു, പരസ്പര വിരുദ്ധമായ ഈ ബില്ലിനെക്കുറിച്ചു ഞങ്ങൾ അത്ഭുതപ്പെടാതെ മറെറന്താണു ചെയ്യേണ്ടതു്!

നമ്മേക്കാൾ ക്രൂരതൽ കൊല്ലവും ക്രൂരതൽ വിപുലവുമായുള്ള നിലയിലും ഡെറ്റു കൺസിലിയേഷൻ ബോർഡ് സ്ഥാപിച്ചു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറു രാജ്യങ്ങൾ നമ്മുടെ മുറുപാടും നമുക്കു മാർഗ്ഗദർശകങ്ങളായിരിക്കുമ്പോൾ അവരുടെ സംപ്രദായത്തേയും അവരുടെ മാതിരിയേയും തീരെ വിലവെക്കാതെ, മുറുപാടുകളിൽ നിന്നുള്ള യാതൊരു സമ്മതവുമില്ലാതെ, പൊതുജനാഭിപ്രായമില്ലാത്ത നിലയിൽ പ്രവൃത്തിക്കുന്ന, ലോകത്തിലെങ്ങുമില്ലാത്ത ഒരു പ്രസ്ഥാനക്കാരാണെന്നു പേരെടുക്കുവാനാണൊ നമ്മുടെ ഗവമ്മെൻറു ശ്രമിക്കുന്നതു്? ഡെറ്റു കൺസിലിയേഷൻ ബോർഡ് സ്ഥാപിച്ചിട്ടുള്ള രാജ്യങ്ങളിലെങ്ങും അനുവദിച്ചിട്ടില്ലാത്തതും നടപ്പിൽ വരുത്തീട്ടില്ലാത്തതും യാതൊരു ഭരണക്രമങ്ങളും അംഗീകരിച്ചിട്ടില്ലാത്തതുമായ ഒരു പുതിയ അദ്ധ്യായം കൊച്ചിയിൽമാത്രം എഴുതി കർഷകന്മാരെ ദ്രോഹിക്കണമെന്നുള്ള ഇതു വലിയ നിർബന്ധം ഗവമ്മെൻറിനുണ്ടായിട്ടുള്ളതു് എന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടാണു ഞാൻ ഇന്നലെ ഇവിടെ പറഞ്ഞതു്, അമൃതുകൊടുത്തു കൈകൊണ്ടു കാളക്രൂടവും കൊടുക്കുന്ന ഒരു സംപ്രദായമാണിതെന്നു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi)*.— അമൃതുകൊടുത്താൽപിന്നെ കാളക്രൂടത്തിനു ശക്തിയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— മഹാരാജാവു തിരുമനസ്സുകൊണ്ടു അദ്ദേഹത്തിന്റെ മന്ത്രിവര്യനായ സർ ഷൺമുഖംചെട്ടി

LIBRARY ARCHIVES Kerala Legislative Assembly

അവർകളുടെ ഉപദേശമനുസരിച്ചും അദ്ദേഹത്തിന്റെ ഭരണാധികാരം വഴിയായും കൊച്ചിയിലെ ജനങ്ങൾക്കു രക്ഷചെയ്തു കൊടുത്തിട്ടുണ്ടെന്നു കടക്കാരായ കർഷകന്മാർ സമ്മതിച്ചുകൊണ്ടിരിക്കുമ്പോൾ അവർക്കു കിട്ടിയതെല്ലാം ഒന്നാകെപോകുന്നു, നിരാശയും സങ്കടവും ഉണ്ടാക്കുന്ന ഒരു പ്രസ്ഥാനമായി ഡെറ്റു കൺസിലിയേഷൻ ബോർഡിനെ ആക്കിത്തീർക്കുവാനാണോ ഗവമ്മെൻറു വിചാരിക്കുന്നതു്?

കർഷകരുടെ സംഘടിതമായ അഭിപ്രായപ്രകടനത്തെ ഭയന്നാണു് അന്നു് ഗവമ്മെൻറു ബോർഡ് രൂപീകരിച്ചിട്ടുള്ളതെന്നും അല്ലാതെ വാസ്തവത്തിൽ അവർക്കു സ്ഥിരമായ ഒരു രക്ഷ ചെയ്യണമെന്നുള്ള ഉദ്ദേശം ഗവർമ്മെൻറിനുണ്ടായിരുന്നില്ലെന്നുമാണു് ഞാൻ വിചാരിക്കുന്നതു്. പക്ഷെ രക്ഷ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചെയ്തതായിരിക്കാം, അങ്ങിനെയല്ലാതേയും ചെയ്തതായിരിക്കാം, എങ്ങിനെയാണെന്നു എനിക്കു നിശ്ചയമില്ല. അപ്രകാരം ഗവമ്മെൻറിന്റെ ഉദ്ദേശശുദ്ധിയിൽ ആളുകൾക്കു സംശയം തോന്നാത്തക്കവിധത്തിൽ ചെയ്യുന്ന കാര്യങ്ങളെ മറെറാരു നിയമംകൊണ്ടു തീരെ മാച്ചുകളയുകയാണു ചെയ്യുന്നതു്. ഇതിനേക്കാൾ മര്യാദയായി ഗവമ്മെൻറിനു ചെയ്യാമായിരുന്ന ഒരു പ്രവൃത്തി ഒരു ഡെറ്റു കൺസിലിയേഷൻ ആക്ററു റിപ്പീൽ ബിൽ കൊണ്ടുവരികയാണു്. അതു ചെയ്യാതെ എന്തിനു നിങ്ങൾ ഇങ്ങിനെയുള്ള ഇന്ദ്രജാലങ്ങളെടുക്കുന്നു? സൂത്രങ്ങളെടുക്കുന്നു? എന്തിനു ഈ വക തന്ത്രങ്ങളെടുക്കുന്നു? എന്തിനീവക കുനയങ്ങൾ പ്രയോഗിക്കുന്നു എന്നാണു ഞാൻ ചോദിക്കുന്നതു്. എന്തിനു് ഒളിവിൽക്കൂടി, സൂത്രത്തിൽക്കൂടി, ജാലത്തിൽക്കൂടി, അനുദ്യോഗസ്ഥ മെമ്പറുടെ കൈക്കു പിടിച്ചു് കൂട്ടിക്കുരങ്ങിനെക്കൊണ്ടു ചോറുമാന്തിക്കുന്ന തന്ത്രം പ്രയോഗിക്കുന്നു? നിങ്ങളുടെ ഉദ്ദേശശുദ്ധിയിൽ പൊതുജനങ്ങൾക്കു സംശയമുള്ളതുകൊണ്ടു ഇനിയെങ്കിലും നിങ്ങൾ ചെയ്യുവാനുദ്ദേശിക്കുന്ന കർഷക ദ്രോഹത്തിൽനിന്നും വിരമിക്കണമെന്നു മാത്രമേ ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നുള്ളൂ.

* മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— ബഹുമാനപ്പെട്ട ഡെപ്യൂട്ടിപ്രസിഡൻറവർകൾ ഈ ബില്ലിനെപ്പററി വിശദീകരിച്ച ഒരൊറ ന്യായംകൊണ്ടാണു് ഞാൻ ഇതിനെ എതിർക്കുന്നതു്. ഡെറ്റു കൺസിലിയേഷൻ ബോർഡ് സ്ഥാപിച്ചതുകൊണ്ടു കടക്കാർക്കു വലുതായ കഷ്ടപ്പാടു നേരിടുന്നുണ്ടെങ്കിൽ അതിലേക്കു വേണ്ട ഭേദഗതി നിയമത്തിൽ വരുത്തേണ്ടതു ആവശ്യമായിട്ടുള്ളതാണു്. ഡെറ്റു കൺസിലിയേഷൻ ബോർഡിൽ അപേക്ഷ കൊടുത്ത അവസരത്തിൽ ഏതെങ്കിലും ഒരു കടക്കാരൻ ഒരു അന്യായം കൊടുത്തു വഹകൾ ജപ്തിചെയ്തിട്ടുണ്ടെങ്കിൽ ആ വഹകൾക്കുമാത്രം റിസീവറെ വെക്കുവാനുള്ള അധികാരമാണു് ഈ ബില്ലുകൊണ്ടു കിട്ടുന്നതു് എന്നു അദ്ദേഹം പറയുകയുണ്ടായി. ആ ഒറക്കാരണംകൊണ്ടുതന്നെ ഈ നിയമം ആവശ്യമില്ലെന്നാണു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നതു്. ഡെറ്റു കൺസിലിയേഷൻ ബോർഡ് നിയമത്തെ ഗവർമ്മെൻറു അംഗീകരിച്ചതായ അവസരത്തിലും അതിനുമുമ്പും കടക്കാരെ രക്ഷിക്കുവാൻ എന്തെല്ലാം സംഗതികൾ നമ്മുടെ ഗവമ്മെൻറു ചെയ്തിട്ടുണ്ടെന്നുള്ളതു് ആലോചിക്കേണ്ടതാണു്. കൊച്ചീ ഗവർമ്മെൻറു തന്നെ മോറട്ടോറിയം നടപ്പിൽ വരുത്തിയിരുന്നു. അതായതു് ആറുമാസക്കാലത്തേക്കു് കൊച്ചിരാജ്യത്തിലെങ്ങും കൊടുക്കൽവാങ്ങൽ വേണ്ട എന്ന നിയമം നമ്മുടെ ഗവർമ്മെൻറു നടപ്പിൽ വരുത്തി. അതുകാരണം ആകാശം ഇടിഞ്ഞുവീണോ, കൊച്ചീരാജ്യം പാതാളത്തിലേക്കു പോയോ? ഒന്നുമില്ല. ഡെറ്റു കൺസിലിയേഷൻ ബോർഡ് നടപ്പാക്കിയ ഈ പത്തു മാസക്കാലത്തിനുള്ളിൽ എന്തെങ്കിലും ആവലാതികളുണ്ടായിട്ടുണ്ടോ? യാതൊന്നും ഉണ്ടായിട്ടില്ല. അതിൽനിന്നും വല്ല രക്ഷകളും കിട്ടുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റിയൊന്നും ഞാനിവിടെ പറയുന്നില്ല. ഡെറ്റു കൺസിലിയേഷൻ ബോർഡ് ഈ നിലയിൽ തന്നെ കുറച്ചുകാലത്തേക്കുകൂടി നടക്കട്ടെ, അതിൻെറ പ്രയോജനം ജനങ്ങൾക്കു ബോദ്ധ്യപ്പെടട്ടെ, അതിനുശേഷം വേണ്ടതു ചെയ്യാം എന്നു ആലോചിക്കുവാനുള്ള മനസ്ഥിതിയാണു ഗവർമ്മെറിനുണ്ടായിരിക്കേണ്ടതു്.

ഇന്നലെ ബഹുമാനപ്പെട്ട ലാമെമ്പർതന്നെ വളരെനേരം ഇവിടെ പ്രസംഗിച്ചു. ഏതോ ഒരു സാമാജികൻ ഗവർമ്മെൻറിൻെറ ഉദ്ദേശശുദ്ധിയില്ലായ്മയെക്കുറിച്ചു പറഞ്ഞപ്പോൾ അതുണ്ടെന്നു സ്ഥാപിക്കുവാനായിട്ടു് അദ്ദേഹം വളരെനേരം പ്രസംഗിച്ചു. ഡെറ്റു കൺസിലിയേഷൻ ബിൽ ഈ നിയമസഭയിൽ കൊണ്ടുവന്നതു് ഒരു അനുദ്യോഗസ്ഥ സാമാജികനാണു്, അല്ലാതെ ഗവർമ്മെൻറല്ല. അന്നു ഒരു അനുദ്യോഗസ്ഥ സാമാജികൻ അവതരിപ്പിച്ച ബിൽ എന്തുകൊണ്ടു ഗവർമ്മെൻറു ബില്ലായിട്ടു കൊണ്ടുവന്നില്ല? ഇന്നാകട്ടെ ഒരു അനുദ്യോഗസ്ഥ സാമാജികൻ അവതരിപ്പിച്ച ഈ ബിൽ വളരെ അത്യാവശ്യമാണെന്നു ഗവർമ്മെൻറിനു തോന്നി ഗവർമ്മെൻറുതന്നെ ഇവിടെ അവതരിപ്പിച്ചു. ഇതിൽ ഗവർമ്മെൻറിനു ഉദ്ദേശശുദ്ധി ധാരാളമുണ്ടെന്നു ഞാനും സമ്മതിക്കാം. പക്ഷെ ആ ഉദ്ദേശശുദ്ധിമാത്രമുണ്ടായാൽ പോരാ. ഞാൻ വളരെ നല്ല ഉദ്ദേശശുദ്ധിയോടുകൂടി കത്തിയെടുത്തു ഒരാളെ കുത്തിയാൽ അതു മർഡർ കേസാകും. അതുപോലെ ഗവമ്മെൻറിനു എത്രത്തോളം ഉദ്ദേശശുദ്ധിയുണ്ടായിരുന്നാൽതന്നെയും കടക്കാരെ രക്ഷിക്കുവാനുള്ള മനസ്ഥിതി നിങ്ങൾക്കില്ലെന്നുള്ള ശിക്ഷക്കു നിങ്ങൾ അർഹന്മാരാണെന്നു് പുറമേയുള്ളവർക്കു തോന്നുവാനിടയാകും. ഇതാണു് ഗവർമ്മെൻറിൻെറ ഉദ്ദേശശുദ്ധിയെക്കുറിച്ചു എനിക്കു പറയുവാനുള്ളതു്.

കുറച്ചുകാലംകൂടി ഇപ്പോഴത്തെ നിയമമനുസരിച്ചു് കടക്കാർക്കു വല്ല രക്ഷയും കിട്ടുന്നുണ്ടോ എന്നു പരിശോധിക്കുക, കടംകൊടുക്കുന്ന ആളുകൾക്കും വലിയ ദോഷം വരുന്നുണ്ടോ എന്നു പരിശോധിക്കുക, അതിനുശേഷം ഇതിവിടെ നടപ്പിൽ വരുത്തണമെന്നുവന്നാൽ അപ്പോൾ ന

LIBRARY ARCHIVES Kerala Legislative Assembly

ടപ്പിൽ വരുത്തിയാൽ മതിയെന്നുള്ള ഒരപേക്ഷയാണ് എനിക്ക ദിവാൻജിയവർകളോട ചെയ്യുവാനുള്ളത്.

കടക്കാരുടെ കയ്യിൽനിന്നും വസ്തു കൈവിട്ടപോകുന്ന നിലവരുന്നവെങ്കിൽ ഡെറ്റ കൺസീലിയേഷൻ ബോർഡിലേക്ക് അപേക്ഷ കൊടുത്തതിനുശേഷം ഏതാണ്ട രണ്ടുകൊല്ലത്തേക്കെങ്കിലും ആ വസ്തു വീണ്ടും ആദായമെടുത്തു കഴിക്കാവുന്ന തരത്തിൽ കിട്ടിയാൽ കൊള്ളാമെന്നാണ് മോഹമുണ്ടായിരിക്കും.

മിസ്റ്റർ കെ. എസ്സ്. മാണിക്കം (*Irinjalakkuda*).— ഒരു കൊല്ലത്തേക്കേ സാധിക്കയുള്ളൂ.

മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— ഒന്നോരണ്ടോ കൊല്ലം അനുഭവത്തിൽ കിട്ടിയാൽ കൊള്ളാമെന്ന മോഹമുള്ളവരായിരിക്കും ഋണബാധിതരായ കടക്കാരിൽ അധികംപേരും. അതിനകമായി ഡെറ്റ കൺസിലിയേഷൻ ബോർഡിൽനിന്ന വല്ല ഋണവും കിട്ടുമോ എന്ന നോക്കുവാനുണ്ട്. അതിനുമുമ്പായിട്ട വസ്തുക്കളെ മുഴുവനും റിസീവരെ ഏൽപ്പിക്കണമെന്ന വരുന്നുവെങ്കിൽ അത് കടക്കാരനു വളരെ നഷ്ടമായിട്ടുള്ളതാണ്. ഗവമ്മെൻറിൽനിന്നും ബോർഡ് സ്ഥാപിച്ചു നടപ്പാക്കിയതിനുശേഷം അവരുടെ അടുക്കൽ അപേക്ഷകൾ വരുവാൻ തടസ്ഥമായിട്ടുള്ള ഈ നിയമം ഉടനെ നടപ്പിൽ വരുത്താതെ കഴിച്ചാൽ കൊള്ളാമെന്ന പ്രത്യേകിച്ച് എനിക്കൊരപേക്ഷയുണ്ട്.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ (*Kattur*).— ഈ ബിൽ അനുദ്യോഗസ്ഥമെമ്പർമാരുടെ പ്രബലമായ എതിർപ്പിനു കാരണമാകത്തക്കവിധത്തിലുള്ളതും കഷ്ടകന്മാർക്ക കിട്ടുന്ന രക്ഷയെ പാടെ ഇല്ലാതാക്കുവാൻ പര്യാപ്തമാണെന്ന പ്രത്യക്ഷപ്പെടുത്തുന്നതുമായ ഒന്നാണെന്നുള്ളതിനു സംശയമില്ല. ഇതിന്റെ ആദ്യത്തെ ചില ഘട്ടങ്ങളിൽ നടന്ന വോട്ടുകൊണ്ടതന്നെയും അനുദ്യോഗസ്ഥ മെമ്പർമാരിൽ ഭൂരിപക്ഷവും ഈ ബില്ലിനെ എതിർക്കുന്നവെന്നുള്ള സംഗതി പ്രത്യക്ഷപ്പെടുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവമ്മെൻറു പൊതുജനാഭിപ്രായത്തെ ആദരിച്ചു ഈ ബിൽ ഉടനെ പിൻവലിക്കണമെന്ന ഞാൻ അപേക്ഷിക്കുന്നു.

എനിക്കുമുമ്പു പ്രസംഗിച്ച മാന്യൻ പറഞ്ഞതുപോലെ കടക്കാർക്ക കൂടുതൽ വിഷമങ്ങളും ബുദ്ധിമുട്ടുമുണ്ടാകുന്നുണ്ടെന്നു കാണുമ്പോൾ അപ്പോഴത്തെ സ്ഥിതിഗതികളനുസരിച്ചു ഈ ബിൽ വീണ്ടും ഗവർമ്മെൻറിനു അവതരിപ്പിക്കുവാൻ സാധിക്കുന്നതും, സംഗതികളുടെ യാഥാർത്ഥ്യം ഇന്നതാണെന്ന അപ്പോൾ പറഞ്ഞു മനസ്സിലാക്കുന്നുവെങ്കിൽ അനുദ്യോഗസ്ഥമെമ്പർമാർ അതിനെ അനുകൂലിക്കുന്നതുമായിരിക്കും. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്നുള്ള പൊതുജനാഭിപ്രായത്തെ ആദരിക്കണമെന്ന ഞാൻ ഗവർമ്മെൻറിനോടപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—The question is that the Cochin Debt Conciliation Act Amendment Bill be taken up and finally passed.

Motion put and agreed to.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—A poll may be taken, Sir.

POLL.

Ayes.	Noes.
1. Mr. K. Achyutha Menon.	1. Mr. K. Ayyappan.
2. ,, V. K. Aravindaksha Menon.	2. ,, A. Eachara Menon.
3. ,, T. S. Balarama Ayyar.	3. ,, K. M. Ibrahim.
4. ,, George Parakkal.	4. ,, T. C. Iyyukutty
5. ,, P. J. George.	5. ,, T. K. Nair.
6. ,, E. Ikkanda Warrier.	6. ,, V. K. Krishnankutty.
7. ,, C. R. Iyyunni.	7. ,, V. S. Krishnan Vaidyan.
8. ,, K. P. Kannan Nair.	8. ,, P. Kumaran Ezhuthassan.
9. ,, K. Krishna Warrier.	9. ,, K. M. Kunhi Moideen.
10. ,, K. S. Manickam.	10. ,, K. S. Panickar.
11. Mrs. Meenakshi N. Menon.	11. ,, M. A. Sankunni.
12. Mr. A. Narayana Menon.	12. ,, A. V. Moothedan.
13. Rao Sahib I. N. Menon.	
14. Mr. K. Narayana Menon.	
15. Rao Sahib M. Narayana Menon.	
16. Mr. T. Narayana Menon.	
17. Dr. D. Raghavendra Rao.	
18 Rama Varmha Tampuran.	
19. Captain A. R. Poduval.	
20. Mr. A. Sankara Menon.	
21. ,, Shabdai S. Koder.	
22. ,, A. Sivarama Menon.	
23. ,, K. M. Subramania Ayyar.	
24. ,, Thomas Manjuran.	
25. ,, C. S. Viswanatha Ayyar.	
26. ,, R. Viswanathan Chettiar.	

The motion was therefore carried.

The House rose for lunch at 1 P. M. and reassembled at 2-30 P. M. with M. R. Ry. K. Ayyappan Avl. (Panel Chairman) in the Chair.

LIBRARY ARCHIVES Kerala Legislative Assembly